ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങൾക്ക് സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കാൻ കയർഫെഡിന് 2013-14 വർഷം 4,86,20,000 രൂപ സർക്കാർ നൽകിയിട്ടുണ്ട്. കയർഫെഡ് നവംബർ 2013 മുതൽ 2014 മേയ് 23 വരെ 12,04,81,802 രൂപ വിലവരുന്ന 43710.82 ക്വിന്റലും 6-8-2014 മുതൽ 5-9-2014 വരെ 4,35,56,658 രൂപ വരുന്ന 16040.45 ക്വിന്റലും ചകിരി സബ്സിഡി നിരക്കിൽ നൽകിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ചകിരി സംഭരിക്കുന്നതിന് വീഴ്ച ഉണ്ടായിട്ടില്ല. കയർഫെഡ് വഴി ചകിരി സംഭരിച്ച് സബ്സിഡി നിരക്കിൽ നൽകുന്നതിനുവേണ്ടി 2013-14 വർഷം 4,86,20,000 രൂപ സർക്കാർ നൽകിയിട്ടുണ്ട്. നിലവിലുണ്ടായിരുന്ന തൊണ്ട് സംഭരണ പദ്ധതി പ്രകാരം തൊണ്ട് സംഭരിച്ച് ചകിരി ഉല്പാദിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിരുന്നു. കൂടുതൽ ഫലപ്രദമായ രീതിയിൽ തൊണ്ട് സംഭരിച്ച് ചകിരി ഉല്പാദിപ്പിക്കുന്നതിനു വേണ്ടിയുള്ള ഒരു പുതിയ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

റോഡ് യൂസർ പെർസപ്ഷൻ സർവ്വേ

8 (*98) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് യൂസർ പെർസപ്ഷൻ സർവ്വേ നടത്താൻ കെ.എസ്.റ്റി.പി. ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(സി) ജനഹിതമറിയാനുള്ള എന്തൊക്കെയാണ് പ്രസ്തുത സർവ്വേയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ-ഡി) കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഏറ്റെടുത്ത് വികസിപ്പിക്കുന്ന ആകെ 363 കി.മീ. ദൈർഘ്യം വരുന്ന 6 റോഡുകളുടെ നിലവിലുള്ള അവസ്ഥയെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

(വികസിപ്പിക്കുന്നതിന് മുമ്പുള്ള) ജനങ്ങളുടെ അഭിപ്രായം സമാഹരിക്കുന്നതിന് വേണ്ടി M/s ഷെർവുഡ് ടെക്നോക്രാറ്റ്സ് & കൺസൾട്ടന്റ് എന്ന സ്ഥാപനത്തെ നിയമിച്ച് റോഡ് യൂസർ പെർസപ്ഷൻ സർവ്വേ നടത്തുകയും 2014 ജൂലൈ മാസം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ വിഭാഗത്തിലുമുള്ള റോഡ് ഉപയോക്താക്കളെ വിവിധ സംഘങ്ങളായി തിരിച്ച് പ്രത്യേകം ചോദ്യാവലി തയ്യാറാക്കിയാണ് അഭിപ്രായ ശേഖരണം നടത്തിയത്. പ്രസ്തുത ചോദ്യാവലിയിൽ റോഡ് ഉപയോക്താക്കളുടെ സാമൂഹികവും സാമ്പത്തികവും പ്രാദേശികവുമായി ഘടകങ്ങളും നിലവിലുള്ള പ്രോജക്ട് റോഡുകളെപ്പറ്റിയുള്ള അഭിപ്രായങ്ങളും റോഡിന്റെ ഘടന, നിർമ്മാണം, സുരക്ഷിതത്വം എന്നിവയും ഉപയോക്താക്കളുടെ റോഡ് ഉപയോഗ രീതികളും ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. റോഡ് പണി പൂർത്തീകരിച്ചശേഷം നടത്തുന്ന റോഡ് യൂസർ സാറ്റിസ്ഫാക്ഷൻ സർവ്വേയുടെ കണ്ടെത്തലുകളുമായി ഈ റിപ്പോർട്ടിലെ കണ്ടെത്തലുകൾ താരതമ്യം ചെയ്യുന്നതിനുവേണ്ടിയും ഭാവിയിൽ മറ്റ് പൊതുമരാമത്ത് റോഡുകളിലേയ്ക്കുകൂടി റോഡ് യൂസർ സാറ്റിസ്ഫാക്ഷൻ ഇൻഡക്സ് വികസിപ്പിച്ചെടുക്കുന്നതിനുമാണ് ഈ സർവ്വേ ലക്ഷ്യമിടുന്നത്.

ആധാരം രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം

9 (*99) ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധാരം രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഓൺലൈൻ സംവിധാനവുമായി സഹകരിക്കുന്നവർ ആരൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly